**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1147 12.03.2015 -ലെ മറുപടിയ്ക്ക്

# കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം.

*ചോദ്യം*
ശ്രീ. പി.ബി. അബ്ദുൾ റസാക്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനം ലഭിച്ചവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2008 ൽ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റുമാർ ജോലിയിൽ തുടരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച കോടതി വിധി അവരെ പ്രസ്തുത തസ്തികയിൽ നിലനിർത്തുന്നതിന് അനുവദിച്ചുകൊണ്ടുള്ളതാണോ; | (ബി) & (സി) | കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം സംബന്ധമായ വിഷയത്തിൽ കോടതി വിധി വന്നിട്ടില്ല. ബഹു. കേരള ലോകായുക്തയിൽ നിലവിലുണ്ടായിരുന്ന കേസ് നം. 572/2008 വിചാരണ കഴിഞ്ഞ് സർക്കാരിന് തുടർ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡിവിഷൻ ബെഞ്ച് റിട്ട് ഹർജികൾ സമർപ്പിക്കപ്പെട്ടു. പ്രസ്തുത ഹർജികളിൽ ബഹു. ഹൈക്കോടതി വാദം കേട്ട് വിചാരണ നടപടികൾ പൂർത്തീകരിച്ച് വിധി പറയുന്നതിലേക്കായി മാറ്റി വച്ചിരിക്കുകയാണ്. ഇതുകൂടാതെ രണ്ട് റിട്ട് ഹർജികൾ കൂടി ബഹു. |
| (സി) | കോടതി വിധി അവരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ചാണെങ്കിൽ അതിന്റെ നടത്തിപ്പ് വൈകുന്നതിന് കാരണം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുകയുണ്ടായി. പ്രസ്തുത റിട്ട് ഹർജികളും വിധി പറയുന്നതിലേക്കായി മാറ്റിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ